പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2548 — 21/06/2012 ൽ മറുപടിയ്ക്ക്

## അധികമായി അച്ചടിച്ച പാഠപുസ്തകങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് :<br>ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. സി.കെ. സദാശിവൻ :<br>ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിലെ പാഠപുസ്തക അച്ചടിയിൽ എത്ര ശതമാനമാണ് അധികമായി കരുതുന്നത് ; | (എ) റീപ്രിന്റ് ഇനങ്ങളുടെ 10% മാണ് കരുതൽ ശേഖരമായി കരുതുന്നത്. പുതിയ പുസ്തകങ്ങളാകുമ്പോൾ 25% വരെ അധികം കോപ്പികൾ ആദ്യവർഷം അച്ചടിക്കാറുണ്ട്. അദ്ധ്യാപകർ, അദ്ധ്യാപക വിദ്യാർത്ഥികൾ (B.Ed, TTC etc) മറ്റുള്ളവർ എന്നിവർക്കു വേണ്ടി കൂടിയാണ് ഇത്തരത്തിൽ അധികം കരുതുന്നത്. |
| ബി) കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ ഇത്തരത്തിൽ എത്ര ശതമാനമാണ് സൂക്ഷിച്ചിരുന്നത് ; | (ബി) കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ പത്താം ക്ലാസ്സിലെ പുസ്തകങ്ങളെല്ലാം പുതുതായി ഏർപ്പെടുത്തിയവയാണ്. ഇവയുടെ 25% വും മറ്റുള്ളവയുടെ 10 മുതൽ 15% വരെയുമാണ് അധികമായി അച്ചടിച്ചു സൂക്ഷിച്ചത്. |
| സി) ഇത് അനുവദനീയമായതിനേക്കാൾ അധികമായിരുന്നുവോ ; ഇത് ഖജനാവിന് എന്തു മാത്രം അധിക ബാധ്യത വരുത്തിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ; | സി) അധികമായിരുന്നില്ല. പാഠപുസ്തക മാനുവൽ അനുശാസിക്കുന്ന പ്രകാരം ബഫർ സ്റ്റോക്കു മാത്രമേ അധികമായി അച്ചടിച്ചിട്ടുള്ളൂ. ഇതുമൂലം യാതൊരു അധിക ബാധ്യതയും ഖജനാവിനുണ്ടായിട്ടില്ല. |
| ഡി) ഇതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ ; | (ഡി) ക്രമക്കേടുകൾ ഒന്നുമില്ലാത്തതിനാൽ നടപടി ആവശ്യമില്ല. |

ഇ) ഇത്തരത്തിൽ അധികമായി സംസ്ഥാനത്താകമാനം സൂക്ഷിച്ചിരിക്കുന്ന ഇത്തരം പുസ്തകങ്ങൾ ഉചിതമായ രീതിയിൽ വിറ്റ് സർക്കാരിന് മുതൽ കൂട്ടാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

(ഇ) ഓരോ വർഷവും അധികമാകുന്ന പുസ്തകങ്ങൾ അടുത്ത വർഷത്തെ വിതരണത്തിനാണ് ഉപയോഗിക്കുന്നത്. കഴിഞ്ഞ വർഷം ബാക്കി വന്നതിൽ പത്താം ക്ലാസ്സിലെ ഇൻഫർമേഷൻ ടെക്നോളജി ഒഴികെ മറ്റെല്ലാ പുസ്തകങ്ങളും ഈ വർഷത്തെ വിതരണത്തിന് ഉപയോഗിച്ചിട്ടുണ്ട്. ഇത് വർഷാവർഷം നടന്നുവരുന്ന സാധാരണ പ്രവർത്തനം മാത്രമാണ്. പ്രത്യേക നടപടിയൊന്നും ഇക്കാര്യത്തിൽ ആവശ്യമില്ല.

സെക്ഷൻ ഓഫീസർ